**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **01-02-2023 - ൽ മറുപടിയ്ക്ക്**

**തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പിന് അഡീഷണൽ ലിസ്റ്റ് നൽകുകയും അംഗീകരിക്കുകയും ചെയ്തു . പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചില ഗുണഭോക്താക്കൾ ലൈഫ് മിഷൻ അംഗീകരിച്ച് നൽകിയ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ നിന്നും വിട്ടുപോയ എസ്.സി ഗുണഭോക്താക്കളുടെ പേരുകൾ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറോട് അഭ്യർത്ഥിച്ച് കൊണ്ടുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 26.02.2022-ലെ 11/1 നമ്പർ തീരുമാനത്തിന്റെ പകർപ്പ് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറുടെ 12.12.2022-ലെ എസ്/7556/2018 നമ്പർ കത്ത് പ്രകാരം പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് ലഭിക്കുകയുണ്ടായി. എന്നാൽ 06.09.2019-ലെ സ.ഉ.(സാധാ) 1946/2019/ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരം എസ്.സി/ എസ്.ടി/ ഫിഷറീസ് വകുപ്പുകൾ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി (28.05.2020-ലെ സ.ഉ.(കൈ) 88/2020/ ത.സ്വഭവ നമ്പർ ഉത്തരവ്) ഗ്രാമസഭ/ തദ്ദേശസ്വയംഭരണ സ്ഥാപനഅംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയതിനുശേഷമാണ് ആയത് ലഭ്യമാക്കിയിട്ടുള്ളത്. അതിനാൽ ടി ഗുണഭോക്തൃ പട്ടികയിൽ പുതിയതായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ല |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നൽകിയ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ചില ഗുണഭോക്താക്കൾ ഉൾപ്പെടാതെ പോയതുമായി ബന്ധപ്പെട്ട് ടി ഗ്രാമപഞ്ചായത്ത് അധികൃതർ ലൈഫ് മിഷന് നൽകിയ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ നിന്നും വിട്ടുപോയ എസ്.സി ഗുണഭോക്താക്കളുടെ പേരുകൾ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറോട് അഭ്യർത്ഥിച്ച് കൊണ്ടുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 26.02.2022-ലെ 11/1 നമ്പർ തീരുമാനത്തിന്റെ പകർപ്പ് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറുടെ 12.12.2022-ലെ എസ്/7556/2018 നമ്പർ കത്ത് പ്രകാരം പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് ലഭിക്കുകയുണ്ടായി. എന്നാൽ 06.09.2019-ലെ സ.ഉ.(സാധാ) 1946/2019/ ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരം എസ്.സി/ എസ്.ടി/ ഫിഷറീസ് വകുപ്പുകൾ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി (28.05.2020-ലെ സ.ഉ.(കൈ) 88/2020/ ത.സ്വഭവ നമ്പർ ഉത്തരവ്) ഗ്രാമസഭ/ തദ്ദേശസ്വയംഭരണ സ്ഥാപനഅംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയതിനുശേഷമാണ് ആയത് ലഭ്യമാക്കിയിട്ടുള്ളത്. അതിനാൽ ടി ഗുണഭോക്തൃ പട്ടികയിൽ പുതിയതായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ല |
| (സി) | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നൽകിയ പട്ടികജാതി അഡീഷണൽ ലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കളെയും ലൈഫ് മിഷൻ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 06.09.2019-ലെ സ.ഉ.(സാധാ) 1946/2019/ ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.സി/ എസ്.ടി/ ഫിഷറീസ് വകുപ്പുകൾ ലഭ്യമാക്കിയ ലിസ്റ്റുകൾ 28.05.2020-ലെ സ.ഉ.(കൈ) 88/2020/ത.സ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് അഡീഷണൽ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളത്. പട്ടിക ജാതി അഡീഷണൽ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ള സാഹചര്യത്തിലും 2017-ലെ ലൈഫ് ലിസ്റ്റിലും 2019-ലെ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാനാകാതെ പോയവർക്ക് അപേക്ഷ സമർപ്പിക്കാൻ ലൈഫ് 2020 പ്രകാരം അവസരം നൽകിയിരുന്ന സാഹചര്യത്തിലും പട്ടിക ജാതി അഡീഷണൽ ലിസ്റ്റിൽ ടി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നിലവിൽ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ